"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)-പ്രവൃത്തികളുടെ ബിൽ മാറി കരാറുക്കാർക്ക് തുക അനുവദിക്കൽ -തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജില്ലാ പഞ്ചായത്ത് തലത്തിൽ ഉള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസവ്യംഭരണ (ഇഡബ്ല്യൂ -ബി) വകുപ്പ്

G.O.(Ms)No.211/2021/LSGD തീയതി,തിരുവനന്തപുരം, 22/09/2021

പരാമർശം:-
1. 09/01/2020 ലെ സ.ഉ(കൈ) നമ്പർ .13/2020/തസ്വഭവ
2. 24/12/2020 ലെ സ.ഉ(കൈ) നമ്പർ .200/2020/തസ്വഭവ
3. 04/05/2020 ലെ സ.ഉ(സാധാ) നമ്പർ .1683/2020/തസ്വഭവ
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24/04/2021 ലെ ഇ17/5555/20/സിഇ നമ്പർ കത്ത്
5. 09/08/2021 ലെ സ.ഉ(കൈ) നമ്പർ .171/2021/തസ്വഭവ
6. 16/09/2021 ലെ സ.ഉ(കൈ) നമ്പർ .206/2021/തസ്വഭവ
7. 18.09.2021 ലെ എംപവേർഡ് കമ്മിറ്റി തീരുമാനം.

ഉത്തരവ്

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)-പ്രവൃത്തികളുടെ 2018 ,2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം(1) (2) എന്നിവ പ്രകാരം 1000 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്തുടനീളം 5000 -ത്തിൽ അധികം പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ നിരവധി പ്രവൃത്തികൾ പൂർത്തികരിക്കുകയും അവശേഷിക്കുന്നവയുടെ നിർവ്വഹണം ദ്രുതഗതിയിൽ പുരോഗമിച്ചു വരികയുമാണ്.

എന്നാൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് പരാമർശം (3)ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തുടനീളം നിർവ്വഹണം നടത്തിവരുന്ന എല്ലാ പ്രവൃത്തികളുടെയും ബിൽ മാറി കരാറുക്കാർക്ക് തുക അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജോലിഭാരവും ജീവനക്കാരുടെ എണ്ണക്കുറവും പ്രവൃത്തി പൂർത്തികരിച്ച കരാറുകാർക്ക് യഥാസമയം ബിൽ തുക മാറി നൽകുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നും ആയതിനാൽ ബിൽ തുക യഥാസമയം മാറി

നൽകുന്നതിലേക്ക് ഉചിതമായ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കണമെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ ജില്ലാതല ഉദ്യോഗസ്ഥരായ എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് ഡലിഗേഷൻ ഓഫ് പവേഴ്സ് അനുവദിച്ച നൽകി കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പ മേധാവികളല്ലാതെയുള്ള മറ്റ് താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് സാമ്പത്തിക അധികാരങ്ങൾ ഡലിഗേറ്റ് ചെയ്തു നൽകുന്നതിലേക്ക് അതത് ഭരണ വകുപ്പുകൾ Empowered Commitee യോഗം ചേരേണ്ടതുണ്ടെന്ന ധന വകുപ്പിന്റെ നിർദ്ദേശം നിലനിൽക്കുന്നതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശ (6) പ്രകാരം കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത Empowered Commitee യുടെ പരാമർശ (7) ലെ തീരുമാന പ്രകാരം പരാമർശ (5) ലെ ഉത്തരവ് റദ്ദ് ചെയ്ത് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജില്ലാ പഞ്ചായത്ത് തലത്തിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുന്നത് തീരുമാനിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൻ കീഴിലെ പ്രവൃത്തികളുടെ ബിൽ മാറി കരാറുകാർക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി മാത്രം പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന അധികാരം എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ പിൻതുടർന്നു വരുന്ന മാതൃകയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജില്ലാ പഞ്ചായത്ത് തലത്തിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.അതിൻപ്രകാരം പരാമർശ (5) ലെ ഉത്തരവ് റദ്ദ് ചെയ്യുന്നു..

മുൻസിപ്പാലിറ്റി /കോർപ്പറേഷൻ പ്രദേശങ്ങളിലെ പ്രവൃത്തികളുടെ ബിൽ തുക അതത് ജില്ലാ പഞ്ചായത്ത് തലത്തിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മാറി നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Preetha K S
Joint Secretary

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മിഷണർ

ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ്

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശസ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

ഡയറക്ടർ വിവരപൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ &ഇ),തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ